# 29

# കൗതുകമേറിയതു ചോദിക്കുന്നു

## (12:38- 50)

യേശുവിന്റെ അധികാരത്തെ കുറിച്ചുള്ള യെഹൂദ മതാദ്ധ്യക്ഷന്മാരുടെ തർക്കം ഒരു അടയാളം ചോദിക്കുന്നതിലേക്ക് മാറി. അവന്റെ അത്ഭുതങ്ങളോ അല്ലെങ്കിൽ വാദമോ അവരെ തൃപ്തിപ്പെടുത്തിയില്ല. അവൻ ദൈവത്തിൽനിന്നു വന്നു എന്നും അവൻ ചെയ്യുന്നതെല്ലാം എന്തധികാരത്തോടെയാണെന്നുമുള്ളതിന് അവർ വലിയ തെളിവ് ആവശ്യപ്പെട്ടു.

### യെഹൂദ മതാദ്ധ്യക്ഷന്മാരുടെ ആവശ്യം (12:38-42)

**38അപ്പോൾ ശാസ്ത്രിമാരിലും പരീശന്മാരിലും ചിലർ അവനോട്, "ഗുരോ,
നീ ഒരു അടയാളം ചെയ്തുകാൺമാൻ ഞങ്ങൾ ഇച്ഛിക്കുന്നു" എന്നു പ
റഞ്ഞു. അവൻ അവരോട് ഉത്തരം പറഞ്ഞത്, 39"ദോഷവും വ്യഭിചാരവു
മുള്ള തലമുറ അടയാളം തിരയുന്നു. യോനാ പ്രവാചകന്റെ അടയാളമ
ല്ലാതെ അതിന്നു അടയാളം ലഭിക്കയില്ല. 40യോനാ കടലാനയുടെ വയറ്റിൽ
മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നുരാവും
മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും. 41നിനെവേക്കാർ ന്യായവിധി
യിൽ ഈ തലമുറയോട് ഒന്നിച്ചു എഴുന്നേറ്റു അതിനെ കുറ്റം വിധിക്കും.
അവർ യോനയുടെ പ്രസംഗം കേട്ട് മാനസാന്തരപ്പെട്ടുവല്ലോ. ഇതാ ഇവിടെ
യോനയിലും വലിയവൻ. 42തെക്കെ രാജ്ഞി ന്യായവിധിയിൽ ഈ തലമുറ
യിൽ ഒന്നിച്ചു എഴുന്നേറ്റു അതിനെ കുറ്റം വിധിക്കും. അവൾ ശലോമോന്റെ
ജ്ഞാനം കേൾപ്പാൻ ഭൂമിയുടെ അറുതികളിൽനിന്നു വന്നുവല്ലോ. ഇവിടെ
ഇതാ ശലോമോനിലും വലിയവൻ."**

**വാക്യം 38.** യേശു ചെയ്ത അത്ഭുതങ്ങളിലും, ഭൂതങ്ങളെ പുറത്താക്കിയതിലും യെഹൂദമതാദ്ധ്യക്ഷന്മാർ തൃപ്തരായിരുന്നില്ല. ഒരുപക്ഷെ അന്ന് അത്തരം അത്ഭുതങ്ങൾ ചെയ്യുവാൻ കഴിയുമെന്ന് അവകാശപ്പെട്ടിരുന്ന നാട്യക്കാർ ഉണ്ടായിരുന്നതാകാം കാരണം (പ്രവൃ. 8:9-13; 13:6-11; 19:13-20). അവർ യേശുവിനോട് ഒരു **അടയാളം** (*സെമെയിയോൺ*) ചോദിച്ചു. ഒരാൾ ദൈവത്താൽ അയക്കപ്പെട്ടവൻ എന്നു തെളിയിക്കുന്ന അത്ഭുതമായിരുന്നു "അടയാളം" (മർ. 16:14-18; യോഹ. 1:29-34; 3:2; 20:30, 31). സത്യം ഉറപ്പിക്കുന്നതിനും, മുന്നറിയിക്കുന്നതിനും അടയാളങ്ങൾ ഉപയോഗിച്ചിരുന്നു (ന്യായാ. 6:17, 18, 36-40; യെശ. 7:10-17; എബ്രാ. 2:1-4). കാഴ്ച്ചക്കാരെ ആസ്വദിപ്പിക്കുവാനായി യേശു തന്റെ ശുശ്രൂഷയിൽ ഒരിക്കലും അത്ഭുതങ്ങൾ നടത്തിയിരുന്നില്ല. അവന്റെ കാഴ്ച്ചപ്പാടിൽ, അത്തരം പ്രദർശനങ്ങൾ ദൈവത്തെ "പരീക്ഷിക്കുന്നതാണ്" (4:5-7; കെജെവി).

ഫറവോൻ മോശെയോട് പെരുമാറിയതുപോലെയായിരുന്നു കഠിനഹൃദയരായ **പരീശന്മാർ** യേശുവിനോട് പെരുമാറിയത് (പുറ. 4-14); മുൻപ് യേശു

അവരുടെ മദ്ധ്യേ ചെയ്ത അത്ഭുതങ്ങളെ അവർ തള്ളിക്കളഞ്ഞിരുന്നു. ഈ സമയത്ത്, യേശു ചെയ്യുന്നത് ദൈവത്തിന്റെ അധികാരത്താലാണെന്നത് നിഷേധിക്കുവാൻ പറ്റാത്ത ഒരു അടയാളമാണ് അവർ ആവശ്യപ്പെടുന്നത്. മറ്റു വേദഭാഗങ്ങളിൽ അതിനെ "സ്വർഗത്തിൽനിന്ന് ഒരു അടയാളം" എന്നാണ് പറഞ്ഞിരിക്കുന്നത് (മർ. 8:11; ലൂക്കൊ 11:16). ഒരുപക്ഷെ സ്വർഗത്തിൽനിന്നു ലഭിച്ച മന്ന പോലെയോ (പുറ. 16:1-36), സൂര്യൻ നിശ്ചലമായി നിൽക്കുന്നതോ (യോശു. 10:12-14), അല്ലെങ്കിൽ ദൈവം സ്വർഗത്തിൽനിന്നു തീ ഇറക്കുന്നതതുപോലെയോ എന്തെങ്കിലും കാണുവാൻ അവർ ആഗ്രഹിച്ചിരിക്കാം (1 രാജാ. 18:30-40). അവരുടെ ആവശ്യം യേശു നിറവേറ്റിയാൽ പോലും, പരീശന്മാർ യേശുവിൽ വിശ്വസിക്കുമെന്ന കാര്യം സംശയമാണ്. അത്തരം അടയാളം അന്വേഷിക്കുന്ന യെഹൂദ പ്രവണതയെ കുറിച്ച് പൗലൊസ് പിന്നീട് പറഞ്ഞു (1 കൊ. 1:22).

**വാക്യങ്ങൾ 39, 40**. തന്റെ കാലയളവിലെ ആളുകളെ യേശു **ദോഷവും വ്യഭിചാരവുമുള്ള തലമുറ** എന്നാണ് വിളിച്ചത്. അവർ "അധാർമ്മികരായതു" കൊണ്ട്, "ദോഷമുള്ളവരായിരുന്നു." അവർ ദൈവത്തോട് അവിശ്വസ്തരായിരുന്നതിനാൽ, ആത്മിയമായി "വ്യഭിചാരികൾ" ആയിരുന്നു. യഹോവയുമായുള്ള ഉടമ്പടി ലംഘിച്ചതായ യിസ്രായേലിനെ കുറിച്ച് പഴയനിയമത്തിൽ അടിക്കടി ഉപയോഗിച്ച ഭാഷയായിരുന്നു അത് (യെശ. 50:1; യിരെ. 3:8; 13:27; 31:32; യെഹ. 16:32-43; ഹോശെ. 2:1-20). അവിശ്വസ്തരായ ക്രിസ്ത്യാനികൾക്കും ആ വാക്ക് പ്രയോഗിച്ചിട്ടുണ്ട് (യാക്കൊ. 4:4), കാരണം സഭ ക്രിസ്തുവിന്റെ മണവാട്ടിയാണ് (എഫെ. 5:22-33).

പ്രത്യേക **അടയാളം** വേണമെന്ന അവരുടെ ആവശ്യം യേശു തള്ളിക്കളഞ്ഞു എങ്കിലും, അവർക്ക് **യോനാ പ്രവാചകന്റെ ഒരു അടയാളം** വാഗ്ദാനം ചെയ്തു. ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയുടെ നിഴലായിരുന്നു പഴയനിയമ പ്രവാചകന്റെ അനുഭവം. **യോനാ** മൽസ്യത്തിനുള്ളിൽ **മൂന്നു രാവും മൂന്നു പകലും** കഴിഞ്ഞതുപോലെ (യോനാ 1:17), യേശുവും **ഭൂമിക്ക് ഉള്ളിൽ** അതേ രീതിയിൽ ആയിരിക്കും. യോനാ പ്രാർത്ഥിച്ചപ്പോൾ, അവൻ "പാതാളത്തിന്റെ അടിത്തട്ടിൽ" ആയിരുന്നു എന്ന് ആലങ്കാരികമായി പറയുന്നു (യോനാ. 2:2). അതേപോലെ, യേശുവിനെ അക്ഷരികമായി മണ്ണിനടിയിൽ കുഴിച്ചിട്ടു (എഫെ. 4:9 നോക്കുക).

ഈ വേദഭാഗത്തിൽ വളരെ പ്രയാസം നേരിട്ടേക്കാം. ഒന്ന്, യോനാ "മൽസ്യത്തിന്റെ വയറ്റിൽ" ആയിരുന്നു എന്ന് കെജെവി പറയുന്നതിനെ വാദിക്കുന്നത്, ലോകത്തിലെ ഏറ്റവും വലിയ തിമിംഗലത്തിനുള്ളിൽ പോലും ഒരു മനുഷ്യനെ അങ്ങനെ തന്നെ കൊള്ളിക്കുവാൻ സാധ്യമല്ല എന്നാണ്. (*കെറ്റൊസ്*) എന്ന വാക്ക് എൻഏഎസബിയിൽ തർജിമ ചെയ്തിരിക്കുന്നത് **കടൽ ജീവി** എന്നാണ്, അത് സൂചിപ്പിക്കുന്നത് "നിർവ്വചിക്കുവാനാവാത്ത ജീവി"[1] എന്നാണ്. അത് കെജെവി തർജിമ ചെയ്തിരിക്കുന്നതുപോലെ തിമിംഗലം ആകണമെന്നില്ല. അതിലുപരി, മനുഷ്യനെ വിഴുങ്ങത്തക്ക വലിപ്പമുള്ള ജീവികൾ കടലിലുണ്ട് എന്ന് ഇപ്പോൾ സ്ഥിരീകരിച്ചിട്ടുണ്ട്. അതിൽ പെടുന്നതാണ് പ്രത്യേക തരം തിമിംഗലം, തിമിംഗല സ്രാവ്, വെള്ള സ്രാവ് എന്നിവ. "യഹോവ യോനയെ വിഴുങ്ങുവാൻ ... അയച്ച മൽസ്യം" (യോനാ. 1:17) ഏതാണെന്ന് കൃത്യമായി പറയുക പ്രയാസമാണ്, അത് അറിയേണ്ട ആവശ്യവുമില്ല.

രണ്ടാമത്തെ വിഷമ പ്രശ്നം എന്തെന്നാൽ, യേശു **മൂന്നു രാവും മൂന്നു പ**

**കലും** ഭൂമിക്ക് ഉള്ളിൽ ആയിരിക്കും എന്നതാണ്. അവൻ പറഞ്ഞതിനെ കുറിച്ച് പല വ്യത്യസ്തമായ വ്യാഖ്യാനങ്ങൾ കാണാം. യേശുവിനെ ക്രൂശിൽ തറച്ചത് വെള്ളിയാഴ്ച്ചക്കുപകരം വ്യാഴാഴ്ച്ച ആണെന്നാണ് ഒരു വിശദീകരണം. പെസഹക്കു മുൻപ് വന്ന ആ വെള്ളിയാഴ്ച്ച "പ്രത്യേകശബ്ബത്തു" ദിനമായിരുന്നു. എങ്ങനെയായാലും, ആ കാഴ്ച്ചപ്പാടിൽ മൂന്നു മുഴുവൻ ദിവസം എന്നു പറയുവാൻ സാധ്യമല്ല. അതു തിരുത്തുവാൻ യേശുവിനെ ക്രൂശിച്ചത് ബുധനാഴ്ച്ച ആയിരുന്നു എന്നു വാദിക്കുന്നു. ആ കാഴ്ച്ചപ്പാട് അനുസരിച്ച് യേശു മൂന്നൂ രാവും മൂന്നു പകലും മുഴുവനായി ഭൂമിക്കടിയിലായിരുന്നു എന്നു പറയുന്നു. എങ്കിലും അത് പരിഗണിക്കേണ്ടതായ പല പ്രശ്നങ്ങളും ഉയർത്തുന്നു. അതിലുപരിയായി, ആ ദിവസം "യെഹൂദന്മാരുടെ ഒരുക്ക നാളായിരുന്നു" (*പാരാസ്കെയുവേ*) - ക്രിസ്തു മരിച്ച ദിവസം (മർ. 15:42, 43; ലൂക്കൊ . 23:46, 54; യോഹ. 19:14, 30, 33) - ആധുനിക ഗ്രീക്കിൽ അത് അർത്ഥമാക്കുന്നത് "വെള്ളിയാഴ്ച്ച" എന്നാണ്. വാസ്തവത്തിൽ, ഏതു അക്ഷരികമായ സമീപനവും നമ്മെ വസ്തുതയിൽനിന്നു പുറന്തള്ളുന്നതായിരിക്കും.

"മൂന്നു രാവും മൂന്നു പകലും" എന്നതിന്റെ ഏറ്റവും നല്ല വിശദീകരണം ഏതെങ്കിലും ദിവസത്തിന്റേയും രാത്രിയുടേയും ഭാഗം എന്നതാണ്. ഏതെങ്കിലും ദിവസത്തിന്റേയും രാത്രിയുടേയും ഒരു ഭാഗം അന്നത്തെ മുഴുവനായും യെഹൂദ സാഹിത്യം കണക്കാക്കിയിരുന്നു (ഉല്. 42:17, 18; 1 ശമു. 30:12, 13; 1 രാജാ. 20:29; 2 ദിന. 10:5, 12; എസ്ഥേർ. 4:16; 5:1).[2]

ദിവസത്തിന്റെ അല്ലെങ്കിൽ രാത്രിയുടെ ഭാഗം മുഴുവൻ ദിവസമായി എടുത്താലും, രണ്ടു രാത്രിയേ വരുന്നുള്ളു. അതുകൊണ്ട് തെളിവുകളുടെ അടിസ്ഥാനത്തിൽ, നാം ഭാഷയ്ക്ക് കൂടുതൽ ഊന്നൽ കൊടുക്കരുത്. "മൂന്നാം നാൾ" എന്നും (16:21; 17:23; 20:19) "മൂന്നു ദിവസത്തിനു ശേഷം" എന്നും മാറി മാറിയാണ് സുവിശേഷ വിവരണക്കാർ പറയുന്നത് (27:63, 64; മർ. 8:31; 9:31; 10:34).

മൽസ്യത്തിന്റെ വയറ്റിനുള്ളിൽ വെച്ച് ഭൗതികമായി യോനാ മരിച്ചില്ല എന്നു തിരുവെഴുത്തു വ്യക്തമാക്കുന്നു, കാരണം അവൻ മൽസ്യത്തിനകത്തു കിടന്നു ദൈവത്തോട് പ്രാർത്ഥിച്ചു (യോനാ. 2:1). അക്ഷരികമായി എടുക്കരുത് എന്നു പറയുവാൻ കാരണം, യേശുവിനു ഉയർത്തെഴുന്നേൽക്കുവാൻ ശാരീരികമായി മരിക്കേണ്ടിവന്നതുപോലെ, യോനായ്ക്ക് മരിക്കേണ്ടി വന്നില്ല. യേശു പറഞ്ഞത് യോനാ "മൂന്നു രാവും മൂന്നുപകലും" മൽസ്യത്തിനുള്ളിൽ ആയിരുന്നിട്ട് ജീവനോടെ വന്നതുപോലെ മനുഷ്യപുത്രനും ഭൂമിക്കുള്ളിൽ ആയിരുന്നിട്ട് ജീവനോടെ വരും എന്നാണ്.

**വാക്യം 41.** മൽസ്യത്തിനുള്ളിൽനിന്നു പുറത്തുവന്നശേഷം **യോനാ നിനെവെയിൽ** പോയി അന്നത്തെ ദുഷ്ട ജനത്തോട് പ്രസംഗിച്ചു (യോനാ. 1:2). അശൂര്യയുടെ തലസ്ഥാനമായിരുന്ന നിനെവെ ജാതികളുടെ പട്ടണമായിരുന്നു. നിനെവെക്ക് എങ്ങനെ യേശുവിന്റെ ദുഷ്ടജനമായ യെഹൂദ **തലമുറയെ കുറ്റം വിധിക്കുവാൻ** കഴിയും? ഈ സന്ദർഭത്തിൽ, "കുറ്റംവിധിക്കൽ" അർത്ഥമാക്കുന്നത് "ന്യായവിധിക്കുള്ള മാനദണ്ഡം"[3] നൽകുമെന്നാണ്. "ഇനി നാൽപതു ദിവസം കഴിഞ്ഞാൽ നിനെവെ ഉന്മൂലനാശമാകും" എന്ന് ദൈവം കൽപിച്ചതനുസരിച്ച് യോനാ പോയി പ്രസംഗിച്ചു (യോനാ. 3:4). ആ പ്രസംഗം കേട്ട് നിനെവെയിലെ രാജാവ് മുതൽ അടിമ വരെയുള്ള ജനങ്ങളെല്ലാം രട്ടുടുത്ത് വെണ്ണീരിലിരുന്ന് മാനസാന്തരപ്പെട്ടു (യോഹ. 3:5-10). ഇവിടെ **യോനയേക്കാൾ**

**വലിയവൻ** വന്നിരിക്കുന്നു; എങ്കിലും ആ തലമുറ അവന്റെ പ്രസംഗം കേട്ട് മാനസാന്തരപ്പെട്ടില്ല. "വലിയവൻ" എന്നതിന്റെ ഗ്രീക്ക് വാക്ക് (*പ്ലെയിയോൺ*), അതു നപുംസകമാണെങ്കിലും, അത് ക്രിസ്തുവിനെ ആയിരിക്കാം പറയുന്നത് (12:6 ന്റെ പരാമർശം നോക്കുക). യോനായുടെ **പ്രസംഗം** അത്ഭുതത്തോടുകൂടെ ആയിരുന്നില്ലെങ്കിലും ആളുകൾ വിശ്വസിച്ചു, എന്നാൽ അനേകം അത്ഭുതങ്ങളോടും വീര്യപ്രവൃത്തികളോടും കൂടെ പ്രസംഗിച്ച യേശുവിന്റെ സന്ദേശം ആളുകൾ തള്ളിക്കളഞ്ഞു.

**വാക്യം 42.** ഒരിക്കൽകൂടെ, യേശു തന്റെ ശ്രോതാക്കളെ ബോധ്യപ്പെടുത്തുവാൻ ഒരു ജാതിയെ ചിത്രീകരിച്ചിരിക്കുന്നു. **തെക്കെ രാജ്ഞി** എന്നു പറഞ്ഞിരിക്കുന്നത് 1 രാജാക്കന്മാർ 10 ലെ "ശേബാ രാജ്ഞിയാണ്." യെരുശലേമിൽനിന്നു 1,200 മൈൽ വടക്ക് മാറി ദക്ഷിണ അറേബ്യയിലായിരുന്നു ശേബയുടെ പുരാതന രാജ്യം സ്ഥിതി ചെയ്തിരുന്നത്. എന്തുകൊണ്ടാണ് അവൾ ആ **തലമുറയെ** കുറ്റം വിധിക്കുന്നത്? **ശലോമോന്റെ ജ്ഞാനം അറിയുവാനും** അവന്റെ രാജ്യത്തിന്റെ മഹത്വം കാൺമാനും അവൾ വളരെ ദൂരം സഞ്ചരിച്ച് പോയിരുന്നു (1 രാജാ. 10:1-10; 4:34 നോക്കുക), എന്നാൽ യേശുവിന്റെ തലമുറയിലുള്ളവർ അവനെ തിരിച്ചറിയുവാനോ അവന്റെ ജ്ഞാനം അംഗീകരിപ്പാനോ തയ്യാറായില്ല. അവർ യേശുവിന്റെ ഉപദേശം കേൾക്കുവാനോ അനുസരിപ്പാനോ പരിശ്രമിച്ചില്ല. വീണ്ടും, നപുംസക *പ്ലിയോൺ* ഉപയോഗിച്ച്, യേശു **ശലോമോനേക്കാൾ വലിയവൻ** ആണെന്ന് ഊന്നി പറഞ്ഞു (12:6, 41 ന്റെ പരാമർശം നോക്കുക). യേശുവിന്റെ ജ്ഞാനം, യിസ്രായേലിന്റെ ഏറ്റവും വലിയ ജ്ഞാനിയായ രാജാവിന്റേതിനേക്കാൾ വലിയ, ദൈവം ജഡമായി തീർന്നതായിരുന്നു.

## ദുഷ്ട തലമുറയെ കുറിച്ചുള്ള ഒരു ഉപമ (12:43-45)

**43"അശുദ്ധാത്മാവ് ഒരു മനുഷ്യനെ വിട്ടു പുറപ്പെട്ടശേഷം, നീരില്ലാത്ത സ്ഥലങ്ങളിൽകൂടി തണുപ്പ് അന്വേഷിച്ചുകൊണ്ട് സഞ്ചരിക്കുന്നു; കണ്ടെത്തുന്നില്ലതാനും. 44ഞാൻ പുറപ്പെട്ടുപോന്ന എന്റെ വീട്ടിലേക്ക് മടങ്ങിച്ചെല്ലും എന്ന് അവൻ പറയുന്നു. ഉടനെ വന്നു അതു ഒഴിഞ്ഞതും അടിച്ചുവാരി അലങ്കരിച്ചതുമായി കാണുന്നു. 45പിന്നെ അവൻ പുറപ്പെട്ടു തന്നിലും ദുഷ്ടത ഏറിയ വേറെ ഏഴു ആത്മാക്കളെ കൂട്ടിക്കൊണ്ടുവരുന്നു; അവരും അവിടെ കയറി പാർക്കുന്നു. ആ മനുഷ്യന്റെ പിന്നത്തെ സ്ഥിതി മുമ്പിലത്തേതിലും വല്ലാതെ ആകും; ഈ ദുഷ്ട തലമുറെക്കും അങ്ങനെ ഭവിക്കും."**

**വാക്യങ്ങൾ 43-45.** ശാസ്ത്രിമാരുടേയും പരീശന്മാരുടേയും നേർക്ക് വിരൽ ചൂണ്ടുന്നതായിരുന്നു യേശുവിന്റെ അശുദ്ധാത്മാക്കളുടെ ഉപമ (12:38). പുറമെയുള്ള ശുദ്ധമാക്കൽ അവർക്ക് അറിയാമായിരുന്നു, പക്ഷെ ഉള്ള് ശുദ്ധമാക്കുവാൻ അവർ കൂട്ടാക്കിയിരുന്നില്ല (23:25-28). അവർ ആത്മീയമായി കാണപ്പെടുവാൻ വളരെ പരിശ്രമിച്ചിരുന്നു എങ്കിലും, ദൈവത്തിന്റെ പ്രമാണം ആവശ്യപ്പെടുന്ന ജീവിത-മാറ്റം അവർ ഉപേക്ഷിച്ചിരുന്നു. "അവർ നിസാരമായവയിൽ പ്രാമുഖ്യം ചെലുത്തിയവരായിരുന്നു." ജീരകത്തിലും ചതകുപ്പയിലും പോലും ദശാംശം കൊടുക്കുവാൻ അവർ ശുഷ്ക്കാന്തി കാണിച്ചിരുന്നു, പ

ക്ഷെ നീതി, കരുണ, വിശ്വസ്തത എന്നിവ വിട്ടുകളഞ്ഞു (23:23).

ശാസ്ത്രിമാരും പരീശന്മാരും അവരുടെ വീടുകൾ വൃത്തിയാക്കി ശൂന്യമാക്കി വെച്ചാലും, അവർ നീക്കം ചെയ്ത നികൃഷ്ടത മടങ്ങിവരുമ്പോൾ അവരുടെ അവസ്ഥ മുമ്പിലത്തേതിനേക്കാൾ വഷളായിരിക്കും എന്നതായിരുന്നു യേശുവിന്റെ മുന്നറിയിപ്പ്. തന്റെ പോയിന്റ് വ്യക്തമാക്കുവാൻ **അശുദ്ധാത്മാവ് ഒരു മനുഷ്യനെ വിട്ടു** പുറപ്പെട്ടു പോയ ചിത്രീകരണം ആയിരുന്നു ഉപയോഗിച്ചത്. പുറപ്പെട്ടു പോകുക എന്ന ക്രിയ (*എക്സർകോമായി*) പലപ്പോഴും **ഒരു മനുഷ്യനിൽ**നിന്നു ഭൂതം **പുറത്തുപോകുന്നതിനെ** ഉദ്ദേശിച്ചാണ് ഉപയോഗിച്ചിരിക്കുന്നത് (17:18; മർ. 1:25, 26; 5:8; 7:29; 9:25). അശുദ്ധാത്മാവ് ആ മനുഷ്യനെ വിട്ടുപോയശേഷം, പുതിയ വീട് തേടി പോയി. അശുദ്ധാത്മാക്കൾ അന്വേഷിച്ചിരുന്നത് **നീരില്ലാത്ത പ്രദേശമാണ്** (മരുഭൂമി) എന്ന് യെഹൂദന്മാരും, അറബികളും, മിസ്രയിമ്യരും പുതിയനിയമ കാലത്ത് വിശ്വസിച്ചിരുന്നു (വെളി. 18:2).[4]

യേശുവിന്റെ ഉപമയിലെ അശുദ്ധാത്മാവ് തണുപ്പുള്ള സ്ഥലം അന്വേഷിച്ചു കണ്ടെത്താതിരുന്നതിനാൽ മടങ്ങി വന്നപ്പോൾ ആദ്യത്തെ വീട് **ആളില്ലാതെ** വൃത്തിയായി **അലങ്കരിച്ചിരിക്കുന്നതായി** കണ്ടു. അശുദ്ധാത്മാവ് തനിച്ചായിരുന്നില്ല മടങ്ങി വന്നത്, തന്നേക്കാൾ ദുഷ്ടതയേറിയ മറ്റു ഏഴാത്മാക്കളേയും കൊണ്ടാണ് ആ സാധുവായ മനുഷ്യന്റെ ശരീരത്തിൽ സ്ഥിരതാമസത്തിനു വന്നത്. **ആ മനുഷ്യന്റെ പിന്നത്തെ അവസ്ഥ ആദ്യത്തേതിനേക്കാൾ മോശമായി** [പോയി] എന്നാണ് യേശു പറഞ്ഞത്. അത് ഒരുപക്ഷെ അന്നത്തെ പൊതുവായ ഒരു ചൊല്ലായിരിക്കാം (27:64; 2 പത്രൊ. 2:20). യിസ്രായേലിലെ ക്രിസ്തുവിനെ തള്ളിക്കളഞ്ഞ ആളുകളുടെ പിന്നീടുള്ള അവസ്ഥ ഏറ്റവും മോശമായി പോയി എന്നു ചരിത്രം വ്യക്തമാക്കുന്നു. തൽഫലമായി അവസാനം ഏ. ഡി. 70-ൽ യെരുശലേമും ദൈവാലയവും നശിപ്പിക്കപ്പെട്ടു (24:1-28 നോക്കുക).

## ഒരു അവസാന വാക്ക്: യേശുവിനോടുള്ള യഥാർത്ഥ ബന്ധം (12:46-50)

**46അവൻ പുരുഷാരത്തോട് സംസാരിച്ചുകൊണ്ടിരിക്കയിൽ, അവന്റെ അമ്മയും സഹോദരന്മാരും അവനോട് സംസാരിപ്പാൻ ആഗ്രഹിച്ചു പുറത്തു നിന്നു. 47ഒരുത്തൻ അവനോട് "നിന്റെ അമ്മയും സഹോദരന്മാരും നിന്നോട് സംസാരിപ്പാൻ ആഗ്രഹിച്ചു പുറത്തു നിൽക്കുന്നു" എന്നു പറഞ്ഞു.
48അതു പറഞ്ഞവനോട് അവൻ, "എന്റെ അമ്മ ആർ എന്റെ സഹോദരന്മാർ ആർ" എന്നു ചോദിച്ചു. 49ശിഷ്യന്മാരുടെ നേരെ കൈനീട്ടി, "ഇതാ എന്റെ അമ്മയും സഹോദരന്മാരും. 50സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ എന്റെ സഹോദരനും, സഹോദരിയും, അമ്മയും ആകുന്നു എന്നു പറഞ്ഞു."**

ഈ സംഭവത്തിന്റെ സമാന്തര വിവരണങ്ങൾ മർക്കൊസ് 3:31-35 ലും ലൂക്കൊസ് 8:19-21 ലും കാണാം. സുവിശേഷങ്ങളിലെ സംഭവങ്ങൾ വ്യത്യസ്ത സ്ഥലങ്ങളിൽ നടന്നിട്ടുള്ളതിനാൽ, യേശുവിന്റെ ശുശ്രൂഷയുടെ കാലനിർണ്ണയം നടത്തുക പ്രയാസമാണ്. തൃജിക്കൽ വിഷയം തുടരുമ്പോൾ, യേശു

വിനു ചുറ്റും ഉയരുന്ന ശത്രുതയെ എടുത്തു കാണിച്ച് അദ്ധ്യായം അവസാനിപ്പിക്കുകയാണ്.

**വാക്യം 46.** യേശു **പുരുഷാരത്തോട് സംസാരിച്ചുകൊണ്ടിരുന്നപ്പോൾ,** അവന്റെ **അമ്മയും സഹോദരന്മാരും** അവനെ കാണുവാൻ വന്നു എങ്കിലും, അവനോട് അടുക്കുവാൻ കഴിഞ്ഞില്ല (ലൂക്കൊ. 8:19). അവന്റെ അപ്പൻ യോസേഫിന്റെ പേർ പറയാത്തതിനാൽ, മിക്കപേരും കരുതുന്നത് ഈ സമയമായപ്പോഴേക്കും അവൻ മരിച്ചുപോയിരിക്കും എന്നാണ് (യോഹ. 19:25–27).

മറിയയുടെ ആദ്യജാതനായി യേശു ജനിച്ചശേഷം അവൾക്ക് വേറെയും മക്കൾ ജനിക്കുകയുണ്ടായി - നാല് ആൺമക്കളും - യാക്കൊബ്, യോസേഫ്, ശിമോനും, യൂദയും - ചുരുങ്ങിയത് രണ്ട് പെൺമക്കളും (13:55, 56). ആ മക്കൾ യോസേഫിന്റെ വേറെ വിവാഹത്തിൽ ജനിച്ചവരോ അല്ലെങ്കിൽ, ക്രിസ്തുവിന്റെ കസിൻ സഹോദരന്മാരോ ആയിരിക്കും എന്നാണ് ചിലർ വിശ്വസിക്കുന്നത്, ആ അവകാശം വേദഭാഗത്തിലെ തീർച്ചയുള്ള സത്യത്തെ കാണാതെ പോകുന്നു. അവിടെ പറഞ്ഞിരിക്കുന്ന "സഹോദരന്മാർ" എന്നു പറഞ്ഞിരിക്കുന്നത് കസിൻ ബ്രദേഴ്സ് ആണെന്ന് പറയുന്നവർ "സഹോദരൻ" എന്നതിനു ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് (*അഡെൽഫോസ്*) തള്ളിക്കളഞ്ഞിരിക്കുകയാണ്. പുതിയനിയമത്തിൽ ആ വാക്ക് ഒരിക്കലും "കസിൻ" എന്നതിനു ഉപയോഗിച്ചിട്ടില്ല. കസിൻ എന്നതിന് മറ്റൊരു ഗ്രീക്ക് വാക്കായ *അനെപ്സിയോസ്* എന്നാണ് മർക്കൊസിനും ബർന്നബാസിനും തമ്മിലുള്ള ബന്ധം സൂചിപ്പിക്കുവാൻ ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട് (കൊലൊ 4:10).

തന്റെ കുടുംബം **യേശുവിനോട് എന്തു സംസാരിക്കുവാനാണ്** വന്നതെന്ന് ഇവിടെ പറഞ്ഞിട്ടില്ല. എങ്ങനെയായാലും, ഈ സംഭവത്തിനു മുൻപ് മർക്കൊസ് പറഞ്ഞു, "അവന്റെ ചാർച്ചക്കാർ അതു കേട്ട് അവനു ബുദ്ധിഭ്രമമുണ്ട് എന്നു പറഞ്ഞു അവനെ പിടിപ്പാൻ വന്നു" (മർ. 3:21). അതുകൊണ്ട്, അവർ വന്നത് അവനോട് ഉപദേശം നിർത്തി വീട്ടിലേക്ക് പോകുവാൻ അവനിൽ സമ്മർദ്ദം ചെലുത്തുവാനായിരിക്കാം എന്നു കരുതപ്പെടുന്നു. "അവന്റെ സഹോദരന്മാർ പോലും അവനിൽ വിശ്വസിച്ചില്ല" എന്നു യോഹന്നാൻ പറഞ്ഞിരിക്കുന്നു (യോഹ. 7:5). എങ്ങനെയായാലും, അവർ പിന്നീട് വിശ്വാസികളായി തീർന്നു. ഒരുപക്ഷെ ഉയർത്തെഴുന്നേൽപിനു ശേഷമായിരിക്കാം (പ്രവൃ. 1:14; 1 കൊ. 9:5; 15:7). അവരിൽ രണ്ടുപേരായ യാക്കൊബും യൂദയും അവരുടെ പേരിൽ രണ്ടു പുസ്തകങ്ങൾ രചിച്ചിരിക്കുന്നു.

**വാക്യം 47.** അവർക്ക് യേശുവിന്റെ അടുക്കൽ നേരെ ചെല്ലുവാൻ കഴിയാതിരുന്നതിനാൽ, അവർ അവനോട് സംസാരിപ്പാൻ ആഗ്രഹിക്കുന്നത് അറിയിപ്പാനായി ഒരു സന്ദേശവാഹകനെ അവന്റെ അടുക്കലേക്ക് അയച്ചിട്ടു **പുറത്തു നിന്നു.** അവൻ ഉപദേശം നിർത്തി ഉടനെ അവരുടെ അടുക്കൽ വരുമെന്ന് അവർ വിചാരിച്ചിരിക്കാം, പക്ഷെ അവൻ വന്നില്ല. ചില കയ്യെഴുത്തുപ്രതികളിൽ ഈ വാക്യം കാണുന്നില്ല (ആർഎസ്‌വി നോക്കുക). വാക്യം 46 ന്റെ അവസാനവും വാക്യം 47 ന്റെ അവസാനവും "സംസാരിക്കുക" എന്നതിനുള്ള ഗ്രീക്ക് വാക്ക് *ലാലേസായി* എന്നത് ഒരുപക്ഷെ ആ കയ്യെഴുത്തുപ്രതികൾ എഴുതിയ ശാസ്ത്രിമാരുടെ കണ്ണിൽ പെടാതെ പോയതാകാം.[5]

**വാക്യങ്ങൾ 48–50.** ഒരു ചോദ്യത്തോടെയാണ് കർത്താവ് പ്രതികരിച്ചത്, "**എന്റെ അമ്മയും സഹോദരന്മാരും ആർ?**" തന്റെ അമ്മയോടും സഹോദരന്മാരോടുമുള്ള അനാദരവായിരുന്നില്ല യേശുവിന്റെ പ്രതികരണത്തിലുണ്ടായിരു

ന്നത്. യേശുവിനു അമ്മയോട് അതീവ താൽപര്യമുണ്ടായിരുന്നു, അവന് അവളുടെ ക്ഷേമത്തെ കുറിച്ചു വിചാരവുമുണ്ടായിരുന്നു (ലൂക്കൊ. 2:51; യോഹ. 2:3-11; 19:25-27; മത്താ. 15:3-6 നോക്കുക), പലപ്പോഴും അതു കാണിക്കുകയും ചെയ്തിരുന്നു. എങ്ങനെയായാലും, ഈ സമയത്ത്, അവന്റെ ദൈവികത്വവും മനുഷ്യബന്ധവും തമ്മിൽ ഏറ്റുമുട്ടലുണ്ടാവുകയും, പെട്ടെന്ന് അവൻ തന്റെ ദൈവികത്വത്തിനു പ്രഥമ പരിഗണന നൽകുകയും ചെയ്തു.

**യേശു ശിഷ്യന്മാരെ നേക്കി** അവരാണ് തന്റെ വാസ്തവത്തിലുള്ള കുടുംബം എന്ന് പറഞ്ഞു. ഒരുത്തൻ [തന്റെ] **സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം** ചെയ്യുന്നു എങ്കിൽ അവനോടാണ് തനിക്ക് അടുത്ത ബന്ധമുള്ളത് എന്ന് അവൻ പിന്നെ പറഞ്ഞു (7:21 നോക്കുക): **"അവനാണ് എന്റെ അമ്മയും സഹോദരന്മാരും."** "പിതാവ്" എന്ന വാക്ക് ഇവിടെ കാണുന്നില്ല, കാരണം ആ വാക്ക് ദൈവത്തിനായുള്ളതാണ് (23:9; എഫെ. 4:4-6). "അമ്മയും" "സഹോദരിയും" എന്ന ആനുകാലിക പ്രാധാന്യത്തിനു പകരം, ശിഷ്യന്മാരാണ് തന്റെ കുടുംബം എന്നു കർത്താവ് പറഞ്ഞു. തങ്ങളുടെ പണം കൊണ്ട് സ്ത്രീകൾ യേശുവിനെ സഹായിച്ചിരുന്നു (ലൂക്കൊ. 8:1-3), അവൻ അവരെ പഠിപ്പിക്കുവാനും മടിച്ചില്ല (ലൂക്കൊ. 10:38-42; യോഹ. 4:7-30).[6]

ഈ വാക്യങ്ങളിൽനിന്നു നമുക്ക് രണ്ട് പ്രധാന സത്യങ്ങൾ എടുക്കാവുന്നതാണ്. ഒന്ന്, തന്റെ ദൈവിക ദൗത്യത്തിൽനിന്നു തന്നെ പിന്തിരിപ്പിക്കുവാൻ ഭൗമിക കുടുംബത്തെ അവൻ അനുവദിക്കുന്നില്ല (യോഹ 2:4; 7:6 നോക്കുക). രണ്ട്, ഒരാൾക്ക് തന്റെ ഭൗതിക കുടുംബത്തോടുള്ള ബന്ധത്തെക്കാൾ ആത്മീയ ബന്ധമാണ് മുഖ്യം (8:21, 22; 10:34-37 നോക്കുക).

## പാഠങ്ങൾ

### എല്ലാറ്റിലും വലിയ അടയാളം (12:39, 40)

അവൻ ദൈവപുത്രനാണെന്നു തെളിയിച്ച അവന്റെ ഉയിർത്തെഴുന്നേൽപാണ് ഏറ്റവും വലിയ അടയാളം. "മരിച്ചിട്ട് ഉയർത്തെഴുന്നേറ്റിരിക്കയാൽ ദൈവപുത്രനെന്ന് ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തു" എന്നു പൗലൊസ് എഴുതിയിരിക്കുന്നു (റോമർ. 1:4). ക്രിസ്തീയ വിശ്വാസം അടിസ്ഥാനമാക്കിയിരിക്കുന്നത് ഉയർത്തെഴുന്നേൽപ് എന്ന സത്യത്തിലാണ്; പിതാവിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തെഴുന്നേറ്റു പോയിരിക്കുന്ന രക്ഷകനെ ആണ് നാം സേവിക്കുന്നത്! യേശു കല്ലറ വിട്ടു വന്നതിനാൽ, അവൻ മടങ്ങി വരുമ്പോൾ, നമുക്കും ശാരീരികമായ പുനരുത്ഥാനം ഉണ്ടെന്ന് ഉറപ്പാക്കിയിരിക്കുന്നു (1 കൊ. 15:20-28, 50-58).

ഡേവിഡ് സ്റ്റുവർട്ട്

### യോനായുടെ ചരിത്രം (12:40)

ഉദാരമതികളായ പല പണ്ഡിതന്മാരും കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളായി യോനായുടെ ചരിത്രത്തെ കുറച്ചു കാണുകയുണ്ടായി. അവർ ആ സംഭവത്തെ ഇതിഹാസമായിട്ടും, ആലങ്കാരിക ഉപമ അല്ലെങ്കിൽ, ദൃഷ്ടാന്തം ആയിട്ടാണ് കാണുന്നത്. എങ്ങനെയായാലും, ആ കാഴ്ച്ചപ്പാട് യോനായുടെ പുസ്തകം ശരിയായി വായിച്ചതിൽനിന്നുണ്ടായതല്ല. അതിലുപരിയായി, അവർ മത്തായി 12:40 ലെ യേശുവിന്റെ പ്രസ്താവന വായിച്ചിട്ടുമില്ല. തന്റെ ഉയർത്തെ

ഴുന്നേൽപിന്റെ ചരിത്രപരമായ ഒരു നിഴലായിട്ടായിരുന്നു അവൻ യോനായെ ഉപയോഗിച്ചത്. യോനായെ വാസ്തവത്തിൽ കടൽ ജീവി വിഴുങ്ങിയിരുന്നില്ലെങ്കിൽ, കർത്താവ് പറഞ്ഞത് ഭോഷ്ക്കായിരുന്നു എന്നു വേണം കരുതുവാൻ. കൂടാതെ, അത് ഉയർത്തെഴുന്നേൽപിന്റെ വിശ്വാസ്യതയെയും ക്ഷയിപ്പിക്കും. ഉയർത്തെഴുന്നേൽപില്ലെങ്കിൽ ക്രിസ്ത്യനിത്വത്തിനു നിലനിൽപില്ല. പൗലൊസ് എഴുതി, "ക്രിസ്തു ഉയർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ, നിങ്ങളുടെ വിശ്വാസം വ്യർത്ഥം, എങ്കിൽ നിങ്ങൾ ഇപ്പോഴും നിങ്ങളുടെ പാപങ്ങളിൽ തന്നെയാണ്" (1 കൊ. 15:17).

ഡേവിഡ് സ്റ്റുവർട്ട്

### വീട്ടിലേക്ക് തിരിച്ചുവരുവാൻ സാത്താൻ ഇഷ്ടപ്പെടുന്നു (12:43-45)

യേശുവിന്റെ സമയത്ത് ആളുകൾക്ക് ഭൂതങ്ങളെ നന്നായി അറിയാമായിരുന്നു. ശൂന്യമായ വീടിനേയും ജീവിതത്തെയും താരതമ്മ്യം ചെയ്ത് അവൻ 12:43–45-ൽ ഭൂതങ്ങളെ കുറിച്ച് ഒരു ഉപമ പറഞ്ഞു. അത്തരം സാഹചര്യങ്ങളിൽ പ്രവർത്തിപ്പാൻ സാത്താൻ ഇഷ്ടപ്പെടുന്നു. "എല്ലാ ജന്തുക്കളിലും വെച്ച് പാമ്പ് കൗശലമേറിയതായിരുന്നു; [പിടികൊടുക്കാത്ത; ഏഎസ്‌വി ]" എന്നാണ് നാം സാത്താനെ കുറിച്ച് ആദ്യം വായിക്കുന്നത് (ഉല്. 3:1). കാര്യങ്ങൾ ഗൗരവമായി എടുക്കാതെ മനുഷ്യരുടെ ദൈനന്തിന കാര്യങ്ങളിൽ ഇടപെടുവാനുള്ള കഴിവാണ് അവന്റെ ഏറ്റവും വലിയ വഞ്ചന. ഈ ഉപമയിൽ സാത്താന്റെ പെരുമാറ്റത്തെ വിസ്തൃതമായി യേശു വിവരിച്ചിരിക്കുകയാണ്. സാത്താൻ യഥാർത്ഥത്തിലുണ്ടെന്നു മാത്രമല്ല, മർക്കടമുഷ്ടിയുള്ളവനുമാണ്. വീട്ടിലേക്ക് വരുവാൻ അവൻ ഇഷ്ടപ്പെടുന്നു; ശൂന്യമായ സ്ഥലം (ഒരു വ്യക്തിയുടെ ജീവിതം) കൈവശമാക്കുവാൻ അവൻ ഇഷ്ടപ്പെടുന്നു.

### നന്മക്ക് പകരം തിന്മ (12:43-45)

യാക്കൊബ് എഴുതി, "പിശാചിനോട് എതിർത്തുനിൽപിൻ; എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും" (യാക്കൊ. 4:7). അവൻ തൽക്കാലത്തേക്കു ഓടുമെങ്കിലും, ഒരാൾ എവിടെ വസിക്കുന്നു എന്ന് അവനു നന്നായി അറിയാം! ഒരാൾ ഒരിക്കൽ ക്രിസ്തുവിനെ തള്ളിക്കളഞ്ഞു എന്നതുകൊണ്ട് സാത്താൻ തന്റെ പരീക്ഷണം ഉപേക്ഷിക്കുകയില്ല. ദുഷ്ടത നീക്കി വെടിപ്പാക്കിയാൽ മാത്രമെ ക്രിയാത്മകമായ നന്മ ഒരാളിലേക്ക് വരികയുള്ളു. തന്റെ മുമ്പിലത്തെ വീട് ശൂന്യമായി കണ്ട ഭൂതം മറ്റു ഏഴ് ദുരാത്മാക്കളെയും കൊണ്ടാണ് മടങ്ങി വന്നത്.

ഒന്നും അധികനാൾ ശൂന്യമായിരിക്കുകയില്ല. തിന്മ നീക്കം ചെയ്ത ഉടനെ ക്രിയാത്മകമായ നന്മ പകരം വരുന്നു. ദുഷ്ടത നീക്കം ചെയ്യുവാൻ ഒരാൾ ദൈവത്തോടുള്ള ധ്യാനത്തിലും സമർപ്പണത്തിലും ലയിക്കണം.

### "ഭൂതങ്ങളെ" എങ്ങനെ പുറത്താക്കാം (12:43-45)

ഇന്നു മനുഷ്യശരീരങ്ങളിൽ ഭൂതം വസിക്കുന്നില്ല, എന്നാൽ അവൻ ഇപ്പോഴും നമുക്കെതിരായി സ്വാധീനിക്കയും ശക്തി ചെലുത്തുകയും ചെയ്യും. അവന്റെ പ്രവൃത്തികൾ പല വേദഭാഗങ്ങളിലും കാണാം (ലൂക്കൊ. 8:12; 2 കൊ. 2:11; എഫെ. 6:11–16; 1 തെസ്സ. 2:18; 1 തിമൊ. 3:6, 7; 2 തിമൊ. 2:26). സാത്താനെ പ്രതിരോധിക്കേണ്ടതാണ് (യാക്കൊ. 4:7; മത്താ. 16:21–23; ലൂക്കൊ. 22:31, 32;

എഫെ. 4:27; 1 പത്രൊ. 5:8).

*ഈ "ഭൂതങ്ങൾ" എന്താണ്?* (1) വഞ്ചനാ ഭൂതം, (2) നിരുൽസാഹ ഭൂതം, (3) നിർവ്വികാരതാ ഭൂതം, (4) നീട്ടി വെപ്പ് ഭൂതം.

*നമുക്ക് എങ്ങനെ അവയെ "ഒഴിപ്പിക്കുവാൻ" കഴിയും?* (1) കർത്താവിനോട് അടുത്ത് നിന്നുകൊണ്ട്, (2) ദൈവത്തിനായി തിരക്കുള്ളവരായി ഇരുന്നുകൊണ്ട്, (3) ആത്മാവിന്റെ വാളെന്ന ദൈവ വചനം ശക്തമായി ഉപയോഗിച്ചുകൊണ്ട്.

നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരുന്ന ദുഷ്ടതക്ക് നാം ഒന്നും ചെയ്യാതിരിക്കുക എന്നതാണ് ഏറ്റവും വലിയ തെറ്റ്. നല്ലവരെ സാത്താന് കീഴ്പ്പെടുത്തുവാൻ കഴിയുന്നത് അവർ തനിക്ക് എതിരെ ഒന്നും ചെയ്യാതിരിക്കുമ്പോഴാണ്. നാം ദൈവത്തിങ്കലേക്ക് ഓടിയാൽ, സാത്താൻ നമ്മെ വിട്ട് ഓടും.

**മറിയയെ ആരാധിക്കൽ (12:46-50)**

മറിയയിൽ കൂട്ടിച്ചേർത്തിരിക്കുന്ന ആദരവ് ചില നാമധേയ കൂട്ടങ്ങളെ ഉറപ്പില്ലാത്തതും ദൂഷിപ്പിക്കുന്നതുമാക്കിയിരിക്കുന്നു. നിർമ്മലമായ ഗർഭധാരണ അംഗീകരണം എന്ന ഉപദേശം വന്നിരിക്കുന്നത്, മറിയ "ദൈവത്തിന്റെ അമ്മയാകയാൽ" അവളും അത്ഭുത ജനനത്താൽ വന്നിരിക്കണം എന്ന ആശയത്തിൽനിന്നാണ്. അത്തരം ദുരുപദേശത്താൽ, ആളുകൾ മറിയയെ ആരാധിക്കുവാൻ തുടങ്ങുകയും, അവളിൽ അത്ഭുതശക്തി കുടികൊള്ളുന്നു എന്നു വിശ്വസിക്കുവാനും തുടങ്ങി. ആവശ്യമില്ലാത്ത ഈ ഊന്നൽ ഒഴിവാക്കുവാൻ സഹായകരമായ ഒന്നാണ് യേശുവിന്റെ ശുശ്രൂഷയിലെ 12:46–50, അവിടെ പറയുന്നത് സാധാരണ ഒരാളേക്കാൾ മഹിമ മറിയക്ക് ഇല്ല എന്നാണ്.

**ദൈവത്തിന്റെ ഭവനം (12:46-50)**

ദൈവത്തിന്റെ ഭവനത്തിലായിരിക്കുക എന്നത് വലിയ അനുഗ്രഹമാണ്. ദൈവം നമുക്ക് പിതാവായും യേശു നമ്മുടെ മൂത്ത സഹോദരനായും ഉണ്ട് (റോമർ. 8:14–16; എബ്രാ. 2:10–18). നമ്മെ പ്രബോധിപ്പിപ്പാനും പിന്താങ്ങുവാനും പ്രോൽസാഹിപ്പിക്കുവാനും നമുക്ക് സഹോദരീസഹോദരന്മാരുണ്ട്. നമ്മുടെ വിജയവും പരാജയവും അന്യോന്യം പങ്കിടുവാനും, സന്തോഷിപ്പാനും, കരയുവാനും കഴിയും (റോമർ. 12:15). ഭൗതികമായാലും ആത്മികമായാലും, പ്രതിസന്ധി ഘട്ടങ്ങളിൽ അന്യോന്യം പിന്താങ്ങുവാനും കഴിയും (ഗലാ. 6:1, 2, 10). ഓരോ അംഗത്തിനും ദൈവത്തിന്റെ ഭവനം അർത്ഥമുള്ളതാണ്, ഭൗതിക കുടുംബം ഇല്ലാത്തവർക്കും, വിശ്വാസം പങ്കിടാത്ത കുടുംബങ്ങൾക്കും വിശേഷിച്ച് അത് പ്രയോജനം ചെയ്യും.

ഡേവിഡ് സ്റ്റുവർട്ട്

---

കുറിപ്പുകൾ

[1]ജാക്ക് പി. ലേവിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു,* പാർട്ട് 1, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 178. [2]താൽമൂദ് *പെസഹിം* 4 ഏ; *നാസിർ* 5 ബി. [3]ലേവിസ്, 179. [4]തോബിറ്റ് 8:3; ബാരക്ക് 4:35. [5]ബ്രൂസ് എം. മെറ്റ്സ്ജർ, *ഏ ടെക്സ്ചൽ കമെന്ററി ഓൺ ദ ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്*, 2ൻഡ് എഡി. (സ്റ്റുട്ട്ഗാർട്ട്: ജെർമൻ ബൈബിൾ സ്വസൈറ്റി, 1994), 26–27. [6]വ്യത്യസ്തമായി,

റബ്ബിമാർ മനുഷ്യരെ മുന്നറിയിച്ചിരുന്നത്, “സ്ത്രീകളോട് കൂടുതൽ സംസാരിക്കരുത്.” അവർ പറഞ്ഞു, “ഒരു പുരുഷൻ സ്ത്രീയോട് കൂടുതൽ സംസാരിക്കുന്നേടത്തോളം, (1) അയാൾ തനിക്ക് തന്നെ കുഴപ്പം വിളിച്ചു വരുത്തും, (2) തോറാ പഠിക്കുവാനുള്ള നല്ല സമയം പാഴാക്കി കളയും, (3) അവസാനം നരകത്തിന്റെ അവകാശിയാക്കി മാറ്റും” (മിഷ്നാ *അബോത്ത്* 1.5.)